<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1165**</u> <u>**02-02-2026 - ൽ മറുപടിയ്ക്ക്**</u>

<u>**ആലപ്പുഴ മണ്ഡലത്തിലെ ഫിഷറീസ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും പദ്ധതികൾക്ക് അനുവദിച്ച തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവയും വിശദമാക്കാമോ? | (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ, പദ്ധതികൾക്ക് അനുവദിച്ച തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിന് ഫിഷറീസ് വകുപ്പ് അനുവദിച്ചിട്ടുള്ള പദ്ധതികൾ, പദ്ധതികൾക്ക് അനുവദിച്ച തുക, പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കിഫ്ബി - മണ്ണഞ്ചേരി മത്സ്യ മാർക്കറ്റ് നിർമ്മാണം | 175.05 | ഫൗണ്ടേഷൻ പൈൽ വർക്ക് പുരോഗമിക്കുന്നു |
| 2 | കിഫ്ബി - ചെത്തി മത്സ്യ മാർക്കറ്റ് നിർമ്മാണം (മാരാരിക്കുളം) | 170.35 | പ്രവൃത്തി ആരംഭഘട്ടത്തിൽ |
| 3 | കിഫ്ബി - ചെത്തി ഹാർബർ നിർമ്മാണം | 18232.72 | സൗത്ത് ബ്രേക്ക് വാട്ടർ - 1165 മീറ്ററിൽ 598 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചു. നോർത്ത് ബ്രേക്ക് വാട്ടർ - 463 മീറ്ററിൽ 390 മീറ്റർ ഭാഗികമായി പൂർത്തീകരിച്ചു. ചുറ്റമതിൽ നിർമ്മാണം പുരോഗമിക്കുന്നു |

**2021-22 സാമ്പത്തിക വർഷം മുതൽ ആലപ്പുഴ മണ്ഡലത്തിൽ മത്സ്യഫെഡ് നാളിതുവരെ 629.10 ലക്ഷം രൂപ വിവിധ പദ്ധതികളിലായി അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മൈക്രോ ഫിനാൻസ് വായ്പാ പദ്ധതി | 469.05 |
| 2 | മത്സ്യകച്ചവട വനിതകൾക്ക് നൽകി വരുന്ന പലിശ രഹിത വായ്പാ പദ്ധതി | 9.6 |
| 3 | ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി | 127.6 |
| 4 | പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി വള്ളം, എഞ്ചിൻ, വല എന്നിവ നൽകുന്ന പദ്ധതി | 10.00 |
| 5 | FFPO | 11.85 |
| 6 | എൻ.എം.ഡി.എഫ്.സി ടേം വായ്പ | 1.00 |
| | ആകെ | 629.10 |

ആലപ്പുഴ നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന സംഘങ്ങൾ വഴി മേൽപ്പറഞ്ഞിരിക്കുന്ന വായ്പകൾ നൽകുകയും, അതുവഴി മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷം മുതൽ നാളിതു വരെ ആലപ്പുഴ മണ്ഡലത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ) പദ്ധതിയും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതികൾ മുഖേന അനുവദിച്ച തുക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | യൂണിറ്റിന്റെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|
| 1 | ചെറുകിടതൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി (ഡിഎംഇ) | 17 | 37 | 36,23,975/- |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 31 | 75 | 14,75,000/- |
| 3 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) | 12 | 60 | 27,00,000/- |
| 4 | സാങ്കേതിക നവീകരണ പദ്ധതി | 3 | 10 | 1,14,546/- |
| 5 | ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി) | 8 | 19 | 27,513/- |
| **ആകെ** | | **71** | **201** | **79,41,034**/- |

**<u>പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി</u>**

ഈ മണ്ഡലത്തിൽ നടപ്പിലാക്കിയ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതിയിൽ ആരംഭിച്ചിരിക്കുന്ന യൂണിറ്റുകൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്. 2025 ഏപ്രിൽ മുതൽ ഡിസംബർ വരെ യൂണിറ്റുകൾക്കായി 119.78 ലക്ഷം രൂപ വിറ്റുവരവ് ലഭിക്കുകയും 5340 പ്രവർത്തി ദിനങ്ങളിൽ ആയി 1.60 ലക്ഷം രൂപ ഒരംഗത്തിന് വേതനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) പദ്ധതി വഴി റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുള്ള യൂണിറ്റുകൾ ഫണ്ട് കൃത്യമായി തിരിച്ചടക്കുകയും തുടർഘട്ടങ്ങളിൽ ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**<u>ആലപ്പുഴ ജില്ലാ ഓഫീസ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ</u>**

1. പുനർഗേഹം പദ്ധതി - 4,91,02,797/- കോടി രൂപ പദ്ധതി പ്രകാരം 31 ഗുണഭോക്താക്കൾ പദ്ധതി ധനസഹായം പൂർണ്ണമായും കൈപ്പറ്റി ബാക്കി നിൽക്കുന്ന 24 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

2. മത്സ്യബന്ധനയാനങ്ങൾക്കുള്ള ഇൻഷുറൻസ് പരിരക്ഷാ പദ്ധതി- 7.295 ലക്ഷം രൂപ 308 ഗുണഭോക്താക്കൾ - പദ്ധതി തുടരുന്നു.

3. മത്സ്യത്തൊഴിലാളികൾക്ക് Square Mesh Code End വിതരണം ചെയ്യുന്ന പദ്ധതി - 0.38 ലക്ഷം രൂപ - 3 ഗുണഭോക്താക്കൾ - പദ്ധതി തുടരുന്നു.

4. പ്രതിഭാ തീരം പദ്ധതി– 1.3405 ലക്ഷം രൂപ– ഒരു ലൈബ്രറി – പദ്ധതി തുടരുന്നു.

5. സമ്പാദ്യ സമാശ്വാസ പദ്ധതി – 7,05,93,000/– രൂപ – 24,680 ഗുണഭോക്താക്കൾ– പദ്ധതി പൂർത്തീകരിച്ചു.

6. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന – 47 ലക്ഷം രൂപ – 440 ഗുണഭോക്താക്കൾ – പദ്ധതി തുടരുന്നു.

7. ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാന്റ് അക്വാട്ടിക് എക്കോസിസ്റ്റം പ്രോജക്ട് – 6.855 ലക്ഷം രൂപ –പദ്ധതി പൂർത്തീകരിച്ചു.

8. ജനകീയ മത്സ്യകൃഷി – 49.3 ലക്ഷം രൂപ – 975 ഗുണഭോക്താക്കൾ – പദ്ധതി നടന്നു കൊണ്ടിരിക്കുന്നു.

9. വിദ്യാതീരം – മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള എൻട്രൻസ് കോച്ചിംഗ് പദ്ധതി – 28,56,800/– രൂപ – 36 ഗുണഭോക്താക്കൾ –പദ്ധതി തുടരുന്നു.

10. വിദ്യാതീരം– ദത്തെടുക്കൽ പദ്ധതി – രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള പദ്ധതി – 1 ഗുണഭോക്താവ് – 12,000/– രൂപ –പദ്ധതി തുടരുന്നു.

11. തീരോന്നതി മെഡിക്കൽ ക്യാമ്പ് – 5,82,393/– രൂപ – 8 മെഡിക്കൽ ക്യാമ്പുകൾ –പദ്ധതി പൂർത്തീകരിച്ചു.

12. തീരോന്നതി അറിവ് ബോധവത്കരണ ക്യാമ്പ് – 45,470/– രൂപ – 2 ക്യാമ്പുകൾ (45,470/– രൂപ) നടന്നു . 9 ബോധവത്കരണ ക്യാമ്പുകൾ ആലപ്പുഴ മണ്ഡലത്തിൽ നടന്നു വരുന്നു.

**2021–22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ആലപ്പുഴ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

1. **<u>തീരദേശ റോഡുകളുടെ പുനരുദ്ധാരണം</u>**

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| **2021–22** | | | |
| 1 | ആലപ്പുഴ മുനിസിപ്പാലിറ്റി – തുമ്പോളി വികസന ജംഗ്ഷൻ മംഗലം തീരദേശ റോഡ് – 1200 m | 83.60 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2022–23** | | | |
| 1 | ആലപ്പുഴ നഗരസഭ – ലിയോ തോർട്ടീന്ത് തടിക്കൽ കട്ടപ്പുള്ളിൽ റോഡ് | 50.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 2 | ആലപ്പുഴ നഗരസഭ – റോഡ് വെസ്റ്റ് ഓഫ് മന്നാത്ത് വാർഡ് വർയത്ത് റോഡും ഫ്രോന്റ് ഓഫ് ഭഗവതി ക്ഷേത്രം റോഡും | 45.70 ലക്ഷം | സ്ഥലതർക്കം മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ സാധിച്ചിട്ടില്ല. |
| 3 | ആലപ്പുഴ നഗരസഭ – കൊമ്മാടി വാർഡ് അഞ്ചുതൈയിൽ റോഡ് | 12.90 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | ആലപ്പുഴ നഗരസഭ – കിടങ്ങാംപറമ്പ് വാർഡ് ദേവി നഗർ റോഡ് | 11.60 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | ആലപ്പുഴ നഗരസഭ – മംഗലം വാർഡ് – ബ്രിട്ടീഷ് പട്ടം റോഡ് | 50.60 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| **2023-24** | | | |
| 1 | മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 15 ലെ അമലോത്ഭവമാതാ കുരിശ്ശുപുര റോഡ് | 55.40 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | സാഗർ പ്രിന്റേർസ് – കുറ്റിപ്പുറം എൻ.എസ്.എസ്. കരയോഗം റോഡ് (വാർഡ് 12)– മണ്ണഞ്ചേരി പഞ്ചായത്ത് | 35.00 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 3 | മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 19 ലെ കാട്ടൂർ പള്ളി സെമിത്തേരി റോഡ്. | 32.50 ലക്ഷം | പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 3 ലെ കൊല്ലംപറമ്പ് മദർ ഇന്ത്യാ റോഡ് | 29.10 ലക്ഷം | PWD മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതിനാൽ ഭരണാനുമതി റദ്ദ് ചെയ്യുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 5 | മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 4 ലെ കുമർത്തുശ്ശേരി പൊക്ലാശ്ശേരി റോഡ് | 72.00 ലക്ഷം | ബോക്സ് കൾവേർട്ട്, സംരക്ഷണ ഭിത്തികൾ, റോഡ് ഫില്ലിംഗ്, ടാറിങ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ് ബേം പ്രവൃത്തി പഞ്ചായത്ത് അഡിഷണലായി ആവശ്യപ്പെട്ട് സംരക്ഷണഭിത്തിയുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്. |
| **2024-25** | | | |
| 1 | മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 12 ലെ ചെട്ടികാട് യൂണിയൻ ബാങ്ക് റോഡ് | 37.8 ലക്ഷം | ഫില്ലിംഗ് പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. |
| 2 | മാരാരിക്കുളം സൗത്ത് ഗ്രാമപഞ്ചായത്ത് വാർഡ് 19 ലെ കുരുക്കശ്ശേരി ക്ഷേത്രം സാരഥി ജംഗ്ഷൻ റോഡ് | 37.1 ലക്ഷം | ക്രോസ്സ് ഡ്രയിൻ, പൈപ്പ് കൾവർട്ട്, സംരക്ഷണ ഭിത്തികൾ എന്നിവ പൂർത്തിയാക്കി ഫില്ലിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 3 | മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് വാർഡ് നമ്പർ 1 ലെ ചെത്തി ഹാർബർ സർവ്വീസ് റോഡിന്റെ നിർമ്മാണം | 78.00 ലക്ഷം | ജി.എസ്.ബി ഫില്ലിംഗ് പൂർത്തീകരിച്ചു |
| **2025-26** | | | |
| 1 | മണ്ണഞ്ചേരി പഞ്ചായത്തിലെ വാർഡ് നമ്പർ 5 ലെ പൊക്കത്തിൽ വേമ്പനാട്ട് കായൽ | 46.00 ലക്ഷം | സൈറ്റ് കൈമാറി പ്രവൃത്തി ആരംഭിച്ചു. |
| 2 | മാരാരി ബീച്ച് റോഡ് മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് വാർഡ് 14 | 41.1 ലക്ഷം | ഇനിഷ്യൽ ലെവൽ എടുത്തു. |
| 3 | മണ്ണഞ്ചേരി പഞ്ചായത്തിലെ വാർഡ് നമ്പർ 10 ലെ കാർഗിൽ വേമ്പനാട്ട് റോഡ് | 25.00 ലക്ഷം | മൂന്ന് തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ സൈറ്റ് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്ത് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| 4 | മണ്ണഞ്ചേരി പഞ്ചായത്തിലെ വാർഡ് നമ്പർ 15 ലെ ഹനുമാൻ കണ്ടത്തിൽ പറമ്പ് റോഡ് | 25.00 ലക്ഷം | കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 5 | മണ്ണഞ്ചേരി പഞ്ചായത്തിലെ വാർഡ് നമ്പർ 14 ലെ ആനകുത്തിപാലം എ.എസ് കനാൽ റോഡ് | 26.20 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | മണ്ണഞ്ചേരി പഞ്ചായത്തിലെ വാർഡ് നമ്പർ 14 ലെ ജനശക്തി റോഡ് | 25.00 ലക്ഷം | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 7 | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എൻജിനീയറിംഗ് വകുപ്പ് ചെത്തി സബ് ഡിവിഷൻ ഓഫീസ് അനുബന്ധ നിർമ്മാണ പ്രവൃത്തികൾ | 10.00 ലക്ഷം | സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

**2. മറ്റുപദ്ധതികൾ**

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ചെത്തി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 97.43 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനാണ് പദ്ധതിയുടെ SPV. പ്രവൃത്തിയ്ക്ക് 95 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി KSCADC നിയമാനുസൃതം ടെണ്ടർ ക്ഷണിച്ച് കരാറിലേർപ്പെട്ട് 05-11-2021 തീയതിയിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ടി പദ്ധതിയിൽ തെക്കേ പുലിമുട്ടിന്റെയും വടക്കേ പുലിമുട്ടിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.